## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2783 — 14.02.2013 -ൽ മറുപടിക്ക്.

**നഴ്സുമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും സേവനവേതന വ്യവസ്ഥകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വകാര്യ നഴ്സുമാരുടെയും പാരാ മെഡിക്കൽ ജീവനക്കാരുടെയും സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ നിയോഗിച്ച ഏതെങ്കിലും കമ്മീഷൻ, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. ബലരാമൻ കമ്മിറ്റിയെ ആരോഗ്യവകുപ്പ് നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി അതിന്റെ റിപ്പോർട്ട് ആരോഗ്യവകുപ്പിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നഴ്സുമാരുടെ പ്രവർത്തന സമയം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആരോഗ്യ - വിദ്യാഭ്യാസ, തൊഴിൽ വകുപ്പുകളുടെ പ്രതിനിധികൾ അടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) ഈ കമ്മീഷനെ നിയോഗിച്ചത് എന്നാണെന്നും റിപ്പോർട്ട് സമർപ്പിച്ചതെന്നാണെന്നും വെളിപ്പെടുത്താമോ; | (ബി) ബലരാമൻ കമ്മിറ്റിയെ 19.01.2012 ൽ ആണ് നിയമിച്ചത്. 30.04.2012 ൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നേഴ്സുമാരുടെ പ്രവർത്തന സമയം നിശ്ചയിക്കുന്നത് സംബന്ധിച്ച കമ്മിറ്റിയെ നിയമിച്ചത് 19.11.2012 ലാണ്. ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (സി) ഈ റിപ്പോർട്ടിലെ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇതിനകം നടപ്പിലാക്കിയതെന്നും എന്തെല്ലാം നിർദ്ദേശങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (സി) ഡോ: എസ്. ബലരാമൻ കമ്മിറ്റി റിപ്പോർട്ടിൽ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 19 മുതൽ 30 വരെയുള്ള നിർദ്ദേശങ്ങളിൽ വേതന പരിഷ്കരണവും, ഷിഫ്റ്റ് സംബന്ധിച്ച നിർദ്ദേശവും ഒഴിച്ചുള്ള നിർദ്ദേശങ്ങൾ സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതി അംഗീകരിച്ചിട്ടുണ്ട്. മാനേജ്മെന്റുകളും തൊഴിലാളി സംഘടനകളും തമ്മിൽ തർക്കം നിലനിൽക്കുന്ന വിഷയങ്ങളിൽ വ്യവസായബന്ധ സമിതി ചർച്ച നടത്തി വരുന്നു. |

സെക്ഷൻ ആഫീസർ.